**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2412** **04-03-2025 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2018 നവംബർ 7 ന്, വിരമിച്ച ജഡ്ജി അടങ്ങിയ പുന:പരിശോധനാ സമിതിയെ നിയോഗിക്കുകയും സമിതി 2021-ൽ ലഭ്യമാക്കിയ റിപ്പോർട്ട് പഠിക്കാൻ 2023-ൽ ധനമന്ത്രി, നിയമമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ അടങ്ങുന്ന സമിതി രൂപീകരിക്കുകയും ചെയ്തെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമ വശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച്, പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ടി റിപ്പോർട്ട് പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഒരു 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റ സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുമുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ടി വിഷയത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് സർവ്വീസിൽ നിന്ന് വിരമിച്ച ഭൂരിഭാഗം ജീവനക്കാർക്കും സാമൂഹിക ക്ഷേമ പെൻഷനെക്കാളും കുറഞ്ഞ നിരക്കിലാണ് പെൻഷൻ ലഭ്യമാകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരന്റെ പ്രതിമാസ ശമ്പളത്തിന്റെ (അടിസ്ഥാന ശമ്പളം + ക്ഷാമ ബത്ത) 10% വും തത്തുല്യ സർക്കാർ വിഹിതവും പെൻഷൻ അക്കൗണ്ടിൽ അടവാക്കുകയും വിരമിക്കുന്ന സമയത്ത് ആകെ സമാഹരിക്കപ്പെടുന്ന തുകയുടെ 60% വരെ ഒറ്റ തവണയായി പിൻവലിക്കാവുന്നതും കുറഞ്ഞത് 40% തുക അന്വിറ്റിയായി നിക്ഷേപിക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് അനുസൃതമായ തുക മാത്രമേ പെൻഷനായി ലഭ്യമാകുകയുള്ളൂ. |
| (സി) | ഡി.സി.ആർ.ജി. നിഷേധിച്ചും 30% ആശ്വാസ ധനസഹായം കുറച്ചുകൊണ്ടും എൻ.പി.എസ്. | (സി) | പങ്കാളിത്ത പെൻഷൻ പുനഃപരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് |

| | | | |
|---|---|---|---|
| | പദ്ധതിയിൽ മാറ്റങ്ങൾ നടപ്പിൽ വരുത്തിയതിൽ മേൽപ്പറഞ്ഞ സമിതികളുടെ റിപ്പോർട്ടുകൾ പരിഗണിച്ചിട്ടുണ്ടോ; ആയത് വ്യക്തമാക്കാമോ; | | പരിശോധിക്കുന്നതിനായി 02.11.2023 -ലെ സ.ഉ(അ)നം. 110/2023/ധന പ്രകാരം ബഹു. ധനകാര്യ വകുപ്പ് മന്ത്രി, ബഹു. നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരടങ്ങിയ സമിതി രൂപീകരിക്കുകയും കൂടാതെ, 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും കേന്ദ്ര സർക്കാർ യു പി എസ് (Unified Pension Scheme) നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും ആയത് സംബന്ധിച്ച് വിശദമായി പരിശോധിച്ച്, ടി വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | സർക്കാർ ജീവനക്കാരിൽ നിന്നും വിഹിതമായി സ്വീകരിച്ച ആകെ തുകയിൽ നിന്നും സർക്കാർ എത്ര രൂപ വായ്പ എടുത്തിട്ടുണ്ട്; ഇങ്ങനെ വായ്പ എടുത്തത് മൂലം പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കാൻ തടസ്സം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2022-23 സാമ്പത്തിക വർഷം 1755.82 കോടി രൂപയും, 2023-24 സാമ്പത്തിക വർഷം 1755.50 കോടി രൂപയും സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. |
| (ഇ) | മേൽപ്പറഞ്ഞവ പരിഗണിച്ച്, കേന്ദ്രസർക്കാർ നടപ്പിൽ വരുത്തിയ ദേശീയ യൂണിഫൈഡ് പെൻഷൻ പദ്ധതി സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | 2024-25 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 'Assured' പെൻഷൻ സമ്പ്രദായം നടപ്പിലാക്കുന്നതിനു വേണ്ടി പുതുക്കിയ സ്കീം രൂപീകരിക്കുമെന്നും മറ്റു സംസ്ഥാനങ്ങളിലെ പുതിയ പദ്ധതികൾ കൂടി പഠിച്ച് സംസ്ഥാനത്ത് നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ യു പി എസ് (Unified Pension Scheme) നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് സംബന്ധിച്ചും വിശദമായി പരിശോധിച്ച്, ടി വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിക്കുന്നതിനായി സമിതിയെ നിയമിച്ച് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ -എ) വകുപ്പ്**

**സ.ഉ.(അ) നം.110/2023/ധന.** **തിരുവനന്തപുരം, തീയതി, 02/11/2023.**

---

പരാമർശം :- 1. സ.ഉ. (അ) നം. 20/2013/ധന. തീയതി, 07.01.2013.
2. സ.ഉ. (അ) നം. 172/2018/ധന. തീയതി, 07.11.2018.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതിനായി ശ്രീ. എസ്. സതീഷ് ചന്ദ്രബാബു (റിട്ട. ജില്ലാ ജഡ്ജി) ചെയർമാനായും ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി എന്നിവർ അംഗങ്ങളായും ഒരു സമിതി രൂപീകരിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പങ്കാളിത്ത പെൻഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സാമ്പത്തിക നിയമവശങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ വിശദമായി പരിശോധിച്ച് സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തുവാനും അധിക കാലതാമസം കൂടാതെ ശിപാർശകൾ മന്ത്രിസഭ മുൻപാകെ സമർപ്പിക്കുവാനും 01.11.2023 തീയതിയിൽ കൂടിയ മന്ത്രിസഭാ യോഗം തീരുമാനിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധനാ സമിതി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കുന്നതിനായി ധനകാര്യ വകുപ്പ് മന്ത്രി, നിയമ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി സമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**രബീന്ദ്ര കുമാർ അഗർവാൾ**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്- II), കേരള, തിരുവനന്തപുരം.

3. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
4. ഡയറക്ടർ, ഇൻഫോർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ്, തിരുവനന്തപുരം.
5. ധനകാര്യ (എൻ.പി.എസ്. സെൽ) വകുപ്പ്.
6. മുഴുവൻ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും.
7. എല്ലാ വകുപ്പ് മേധാവികൾക്കും.
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. മാനേജിംഗ് ഡയറക്ടർ, കെ.എസ് ആർ.ടി.സി, തിരുവനന്തപുരം.
10. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
11. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
12. രജിസ്ട്രാർ, വിവിധ സർവ്വകലാശാലകൾ, (കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ).
13. രജിസ്ട്രാർ,കേരള ലോകായുക്ത, തിരുവനന്തപുരം.
14. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കര.
15. രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി, വയനാട്.
16. രജിസ്ട്രാർ, ശ്രീ ശങ്കര സംസ്കൃത സർവ്വകലാശാല, കാലടി.
17. രജിസ്ട്രാർ, കേരള സംസ്ഥാന ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
18. രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല, എറണാകുളം.
19. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
20. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
21. സെക്രട്ടറി, കെ.എസ്.ഇ.ബി - ലിമിറ്റഡ്, തിരുവനന്തപുരം.
22. ചീഫ് സെക്രട്ടറി, കേരള സർക്കാർ.
23. ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
24. സ്പീക്കറുടെ/ ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി, കേരള നിയമസഭ.
25. സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
26. സെക്രട്ടറി, കേരള സംസ്ഥാന വനിതാ കമ്മീഷൻ, തിരുവനന്തപുരം.
27. മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
28. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
29. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.
30. മുഖ്യ വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
31. നോഡൽ ഓഫീസർ, www.finance.kerala.gov.in
32. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.1856 തീയതി, 01/11/2023).
33. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (ഇ-2599591).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ